**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 44** | **22-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബിക്ക് കൈമാറുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ കിഫ്ബിയ്ക്ക് ഏതെല്ലാം ഇനത്തിൽ തുക കൈമാറുന്നുണ്ട്; | (എ) | കിഫ്ബി പുനസംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് കോർപ്പസായി കൈമാറിയ 2498.4 കോടി രൂപയ്ക്കു പുറമേ 2016-17 സാമ്പത്തിക വർഷം മുതൽ മോട്ടോർ വാഹന നികുതിയുടെ ഒരു നിശ്ചിത ശതമാനവും പെട്രോൾ/ഡീസൽ സെസും കിഫ്ബിക്ക് കൈമാറുന്നുണ്ട്. |
| (ബി) | 2021 ജൂൺ 30 വരെ സർക്കാരിൽ നിന്ന് ഓരോ ഇനത്തിലും എത്ര തുക വീതം കിഫ്ബിക്ക് ലഭിച്ചു എന്ന് അറിയിക്കുമോ; | (ബി) | 2021 ജൂൺ 30 വരെ സർക്കാരിൽ നിന്ന് ലഭ്യമാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാന സർക്കാർ വിഹിതം എത്ര കാലത്തേയ്ക്കാണ് കിഫ്ബിയ്ക്ക് ലഭിക്കുന്നത്; | (സി) | നിലവിൽ 63257.74 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വൻകിട പദ്ധതികളും ഭൂമിയേറ്റെടുക്കാനുള്ള പദ്ധതികളും പരിഗണനയിലാണ്. ഈ പദ്ധതികളുടെ പൂർത്തീകരണച്ചെലവും വായ്പാതിരിച്ചടവും പൂർത്തിയാകുന്നതുവരെയും കിഫ് ആക്ട് വിവക്ഷിക്കും പ്രകാരം സർക്കാർ വിഹിതം ലഭ്യമാക്കേണ്ടതുണ്ട്. |
| (ഡി) | പ്രസ്തുത വിഹിതം എന്ത് ആവശ്യത്തിനാണ് കിഫ്ബി ഉപയോഗിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ; | (ഡി) | കിഫ് ആക്ടിൽ വിവക്ഷിക്കും പ്രകാരം പദ്ധതി നടത്തിപ്പിനും അനുബന്ധ ചെലവുകൾക്കായും വായ്പ തിരിച്ചടവുകൾക്കായും ആണ് തുക വിനിയോഗിക്കുന്നത്. |
| (ഇ) | സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്നും കിഫ്ബി എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (ഇ) | കിഫ്ബി 2021 ജൂൺ 30 പ്രകാരം വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 9061.90 കോടി രൂപയും മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസിന്റെയും വിഹിതമായി 8536.19 കോടി രൂപയും ഉൾപ്പെടെ ആകെ 17598.09 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽ നിന്നും 12577.8 കോടി രൂപ പദ്ധതികൾക്കായും 1075.8 കോടി രൂപ വായ്പയുടെ തിരിച്ചടവിനും (മുതലും പലിശയും) വിനിയോഗിച്ചിട്ടുണ്ട്. സർക്കാർ വിഹിതവും, പൊതു വിപണിയിൽ നിന്നും സമാഹരിക്കുന്ന തുകയും കിഫ്ബിയുടെ പൊതുവായ പൂൾ അക്കൌണ്ടിലേക്ക് |

| | | | |
|---|---|---|---|
| | | | വരവുവച്ച് അതിൽ നിന്നുമാണ് പദ്ധതി ചെലവിനും, ലോണുകളുടെ തിരിച്ചടവിനും വിനിയോഗിക്കുന്നത്. കൂടാതെ വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമായ തുകയിൽ ചെലവിനു ശേഷം നിൽക്കുന്ന നീക്കിയിരിപ്പ് തുക കിഫ്ബിയുടെ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് നയം പ്രകാരം നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ സർക്കാർ വിഹിതത്തിൽ നിന്നു മാത്രമായി ചെലവഴിച്ച തുക രേഖപ്പെടുത്തുന്നതിൽ പ്രായോഗികതയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കോർപ്പസ് ഫണ്ട്

| വർഷം | തുക(കോടിയിൽ) |
|---|---|
| 2015-16 | 873.8552778 |
| 2016-17 | 1624.567497 |
| ആകെ | 2498.422774 |

മോട്ടോർവാഹനനികുതിയുടെയും പെട്രോളിയം സെസിൻറെയും വിഹിതം.

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021APRIL TO 30 JUNE | total |
|---|---|---|---|---|---|---|---|
| മോട്ടോർവാഹന നികുതി | 281.43 | 621.45 | 1098.86 | 1650 | 1633.855 | 576.88 | 5862.48 |
| പെട്രോളിയം സെസ് | 448.1 | 421.19 | 501.82 | 550 | 539 | 213.61 | 2673.71 |
| ആകെ | 729.53 | 1042.64 | 1600.68 | 2200 | 2172.855 | 790.49 | 8536.19 |

സെക്ഷൻ ഓഫീസർ